## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*253 06.10.2016 ൽ മറുപടിക്ക്**

### റോഡുകളുടെ പുനർനിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.എഫ്.തോമസ്<br>,, റോഷി അഗസ്റ്റിൻ<br>,, മോൻസ് ജോസഫ്<br>ഡോ.എൻ. ജയരാജ് | ശ്രീ ജി സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ റോഡുകളുടെ പുനർനിർമ്മാണത്തിനായി ഏതെങ്കിലും പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ദൈർഘ്യം വരെയുള്ള റോഡുകളാണ് ഇപ്രകാരം പുനർ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | എ) ഉണ്ട്. നിരത്തുകളും പാലങ്ങളും വിഭാഗത്തിൻ കീഴിൽ റോഡുകളുടെ പുനർനിർമ്മാണത്തിനായി പഠനം നടത്തുകയും അത് പ്രകാരം സംസ്ഥാനത്ത് 2100 കി.മീ. ദൈർഘ്യമുള്ള റോഡുകൾക്ക് അത്യാവശ്യ പുനർനിർമ്മാണം ആവശ്യമാണെന്നും കണ്ടെത്തിയിട്ടുണ്ട്.<br><br>ദേശീയപാതകളുടെ സമഗ്രമായ വികസനത്തിനായി കേന്ദ്ര മന്ത്രാലയം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇത് പ്രകാരം എൻ എച്ച് 17ഉം, എൻ എച്ച് 47ഉം സർവ്വീസ് റോഡോടു കൂടിയ 4 വരിപ്പാതയായി വികസിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ മുഖാന്തിരം സ്ഥലമെടുപ്പും മറ്റ് നടപടികളും പുരോഗമിച്ച് വരുന്നു. മറ്റുള്ള എല്ലാ ദേശീയപാതകളും പേവ്ഡ് ഷോൾഡറോടു കൂടി 2 വരിപ്പാതയായി വികസിപ്പിക്കുവാനാണ് തീരുമാനിച്ചി |

രിക്കുന്നത്. ഇതിനുള്ള പദ്ധതി രൂപരേഖകൾ സംസ്ഥാന പൊതുമരാമത്ത് വകുപ്പ് വഴി തയ്യാറാക്കി വരുന്നു.

കെ എസ് റ്റി പി യിൽ ഉൾപ്പെടുത്തി 363കി.മീ ദൈർഘ്യമുള്ള സംസ്ഥാന പാത പുനർനിർമ്മിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

തെരഞ്ഞെടുക്കപ്പെട്ട നഗരങ്ങളിലെ റോഡുകളുടെ സമഗ്ര വികസനം ലക്ഷ്യമിട്ടിട്ടുള്ള നഗര റോഡു വികസന പദ്ധതികൾ കെ ആർ എഫ് ബി യുടെ ആഭിമുഖ്യത്തിൽ നടപ്പിലാക്കി വരുന്നു. അതുപ്രകാരം കോഴിക്കോട് നഗരത്തിലെ **22.251** കി.മീ റോഡുകളുടെ പുനർനിർമ്മാണം നടന്നു വരുന്നു. കൂടാതെ കണ്ണൂർ നഗര റോഡ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി **47.79** കി മീ ദൈർഘ്യമുള്ള **12** കോറിഡോറുകൾ പുനർ നിർമ്മിക്കുന്നതിനും ശുപാർശകൾ സമർപ്പിച്ചിട്ടുണ്ട്.

ആർ.ബി.ഡി.സി.കെ-യുടെ കീഴിൽ വല്ലാർപാടം - കോഴിക്കോട് തീരദേശപാതയുടെ ഭാഗമായി പൊന്നാനി - കോഴിക്കോട് സെഗ്മെന്റിൽ പറവണ്ണ മുതൽ ചീരാൻ കടപ്പുറം (5 കി.മീ) പണിപൂർത്തിയാക്കി. ചീരാൻ കടപ്പുറം മുതൽ - ഒട്ടുംപുറം വരെ (6.50 കി.മീ) ആശാൻ പടി മുതൽ ട്രാൻസ്ഫോർമർ റോഡ് വരെ (2.50 കി.മീ) അടക്കം 14 കി.മീ. റോഡ് പുനർ നിർമ്മിക്കുന്നതിന് പദ്ധതിയുണ്ട്. കൂടാതെ എയർപോർട്ട് - സീപോർട്ട്

റോഡിന്റെ ഭാരതമാതാ കോളേജ് മുതൽ ഇരുമ്പനം വരെ 8.8 കി.മീ. റോഡ് പുനർ നിർമ്മിക്കുന്നതിനുള്ള പദ്ധതി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ഈ റോഡിന്റെ എച്ച്.എം.ടി. മുതൽ എൻ.എ.ഡി- വരെയുള്ള 2.4കി.മീ. റോഡിന്റെ പുനർ നിർമ്മാണം പൂർത്തി യായി.

സംസ്ഥാനത്തെ സ്റ്റേറ്റ് ഹൈവേകളിലും, മേജർ ജില്ലാ റോഡുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ഏകദേശം 1100 കി.മീ റോഡുകളുടെ സമഗ്ര വികസനത്തിനായി രൂപീകരിച്ച "സംസ്ഥാന റോഡു വികസന പദ്ധതി"(SRIP)യാണ് റോഡ് ഇൻഫ്രാ സ്ട്രക്ചർ കമ്പനി നടപ്പിൽ വരുത്തുന്നത്. "റീഹാബിലിറ്റേഷൻ', "അപ്ഗ്രഡേഷൻ" എന്നീ രണ്ടു വിഭാഗങ്ങളിലായിട്ടാണ് റോഡുകളുടെ സമഗ്ര വികസനം ലക്ഷ്യമിട്ടിട്ടുള്ളത്. ഈ പദ്ധതിയുടെ റീഹാബിലിറ്റേഷൻ പാക്കേജിൻ കീഴിൽ ഒരു പൈലറ്റ് പ്രൊജക്റ്റായി 83 കി.മി ദൈർഘ്യം വരുന്ന 4 റോഡുകളുടെ (2പാക്കേജുകളിലായി പാക്കേജ്- 'എ'യും (കാസർഗോഡ് ജില്ല), പാക്കേജ്- 'ബി' യും (കോട്ടയം, തിരുവനന്തപുരം ജില്ല)) വികസനം പൊതു-സ്വകാര്യ പങ്കാളിത്തത്തിൽ (പി.പി.പി-ആന്വിറ്റി) രീതിയിൽ നടത്തുന്നതിന് സർക്കാർ അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ കരാർ നൽകി നടപടികൾ സ്വീകരിച്ച് വരുന്നു

| | | | |
|---|---|---|---|
| ബി) | ഇപ്രകാരമുള്ള പുനർനിർമ്മാണത്തിന് മതിപ്പ് ചെലവ് എത്രവരുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ; പ്രസ്തുത തുക എപ്രകാരം കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | ബി) | നിരത്തുവിഭാഗത്തിൻ കീഴിൽ ഏകദേശം **2800** കോടി രൂപ മതിപ്പ ചിലവ് വരുന്നുണ്ട്.<br>ദേശീയപാത വിഭാഗത്തിൽ മതിപ്പ് ചെലവിനായുള്ള രൂപരേഖ പൂർത്തിയാക്കിയിട്ടില്ല.<br>**2403** കോടി രൂപയാണ് കെ എസ് ടി പി പദ്ധതിയുടെ അടങ്കൽ. ഇതിൽ **216** മില്യൻ യു.എസ് ഡോളർ (**1166**കോടി രൂപ ) ലോകബാങ്ക് സഹായമായും ബാക്കി തുക സംസ്ഥാന സർക്കാരുമാണ് വഹിക്കുന്നത്.<br>കോഴിക്കോട് നഗര റോഡു വികസന പദ്ധതിയിൽ ഉൾപ്പെട്ട റോഡുകളുടെ പുനർനിർമ്മാണത്തിന്റെ മതിപ്പ് ചെലവ് **254.32** കോടി രൂപയും, കണ്ണൂർ നഗര റോഡ് വികസന പദ്ധതിയുടെ മതിപ്പ് ചെലവ് **350** കോടി രൂപയുമാണ്. കെ ആർ എഫ് ബി ഫണ്ടുപയോഗിച്ച് ഡി ബി എഫ് ഒ റ്റി - ആന്വിറ്റി വ്യവസ്ഥയിലാണ് കോഴിക്കോട് നഗര റോഡ് വികസന പദ്ധതി പ്രകാരം റോഡ് പുനർനിർമ്മിക്കുന്നത്.<br>പൊന്നാനി - കോഴിക്കോട് തീരദേശപാതയുടെ 14 കി.മീറ്റർ റോഡിന്റെ പുനർ നിർമ്മാണത്തിന് ഏകദേശം 96 കോടി രൂപയാണ് RBDCK എസ്റ്റിമേറ്റ് കണക്കാക്കിയിരിക്കുന്നത്. എയർപോർട്ട് - സീപോർട്ട് റോഡിന്റെ |

ഭാരതമാതാ കോളേജ് മുതൽ ഇരുമ്പനം വരെയുള്ള 8.80കി.മീ. റോഡിന്റെ പുനർ നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് തുക 242 കോടി രൂപയാണ്.

4 റോഡുകളുടെ പ്രോജെക്റ്റ് ചെലവ് 209 കോടി രൂപയായിട്ടാണ് റിക്ക് കണക്കാക്കിയിട്ടുള്ളത്. റോഡ് നിർമ്മാണത്തിന് കരാറെടുത്തിട്ടുള്ള കൺസഷണയർ കമ്പനി മുതൽ മുടക്കുകയും നിർമ്മാണം പൂർത്തീകരിച്ച ശേഷമുള്ള 13 വർഷ പരിപാലന കാലയളവിൽ 26 തവണകളായി ആന്വിറ്റി തുക സർക്കാർ നൽകുന്നതിനുമാണ് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്.

സി) അടിയന്തര അറ്റകുറ്റപണികൾക്ക് വിധേയമാക്കേണ്ട റോഡുകളുടെ മെയിന്റനൻസ് വർക്കുകൾ ഉടനടി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

സി) അടിയന്തിര അറ്റകുറ്റപണികൾ നടത്തുന്നതിന് നടപടി സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്. 366കോടി രൂപ അനുവദിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ